പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3965 15.12.2014-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. പാലക്കാട്, വടക്കഞ്ചേരി ഡിപ്പോകൾ

ചോദ്യം

ശ്രീ. എം. ചന്ദ്രൻ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. പാലക്കാട്, വടക്കഞ്ചേരി ഡിപ്പോകളിൽ നിന്നും ഈ വർഷം എത്ര പുതിയ സർവ്വീസുകൾ ആരംഭിച്ചു; | (എ) യും (ബി) യും | പാലക്കാട്, വടക്കഞ്ചേരി ഡിപ്പോകളിൽ നിന്നും ഈ വർഷം പുതിയ സർവ്വീസുകളൊന്നും തന്നെ ആരംഭിച്ചിട്ടില്ല. |
| (ബി) | ഇതിൽ എത്ര അന്തർ സംസ്ഥാന സർവ്വീസുകളാണ് ഉള്ളത്; | | |
| (സി) | വടക്കഞ്ചേരി ഡിപ്പോയിൽ നിന്നും ഈ കാലയളവിൽ ഏതെങ്കിലും സർവ്വീസ് നിർത്തലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | ഇല്ല. ബസ്സുകളുടെ കുറവ് മൂലം താൽക്കാലികമായി ഷെഡ്യൂളുകൾ റദ്ദ് ചെയ്തിട്ടുണ്ട്. |
| (ഡി) | കെ.എസ്.ആർ.ടി.സി. പാലക്കാട്, വടക്കഞ്ചേരി ഡിപ്പോകളുടെ നവീകരണത്തിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | പാലക്കാട് ഡിപ്പോ നവീകരണത്തിന് ഉദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വടക്കഞ്ചേരി ഓപ്പറേറ്റിംഗ് സെന്ററിൽ നിലവിൽ നവീകരണത്തിനുള്ള ഉദ്ദേശമില്ല. |
| (ഇ) | ഉണ്ടെങ്കിൽ ഡിപ്പോ തിരിച്ച് പദ്ധതികൾ വ്യക്തമാക്കുമോ; | (ഇ) | പാലക്കാട് ഒരു ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനും പുതിയ ഗാരേജ് സൗകര്യം ഏർപ്പെടുത്തുന്നതിനുമുള്ള രൂപരേഖ മുൻസിപ്പാലിറ്റിയിൽ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | ശബരിമല, ഉത്സവ സീസൺ എന്നിവ കണക്കിലെടുത്ത് പാലക്കാട്-തൃശ്ശൂർ, തൃശ്ശൂർ-പൊള്ളാച്ചി (ആലത്തൂർ വഴി) എന്നീ റൂട്ടുകളിൽ കൂടുതൽ ബസ് സർവ്വീസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ? | (എഫ്) | ബസ്സിന്റെ കുറവ് അനുഭവപ്പെടുന്നതിനാൽ നിലവിൽ ഇക്കാര്യം പരിഗണിക്കുന്നതിന് നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ